പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3288 — 24.02.2016 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) ഉണ്ട്.<br><br>2014-2015 അധ്യയന വർഷം വരെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നീ വിഭാഗങ്ങളിലായി 430 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തിച്ചു വരുന്നു. ഇതിൽ 189 സർക്കാർ സ്കൂളുകളും 218 എയ്ഡഡ് സ്കൂളുകളും, 23 അൺ എയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.<br><br>നടപ്പ് അധ്യയന വർഷം (2015-2016) സർക്കാർ പുതുതായി 103 സ്കൂളുകളിൽക്കൂടി പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 48 സർക്കാർ സ്കൂളുകളും 51 എയ്ഡഡ് സ്കൂളുകളും 4 അൺ എയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനായി അപേക്ഷ നൽകിയിട്ടുള്ള സ്കൂളുകൾ എത്രയാണ്; ഇത് സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) നടപ്പ് അധ്യയനവർഷം (2015-2016) പുതുതായി പദ്ധതി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് വിഭാഗങ്ങളിൽ നിന്നും 306 പുതിയ അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിൽ 165 എയ്ഡഡ് സ്കൂളുകളുടെയും 10 അൺ എയ്ഡഡ് സ്കൂളുകളുടെയും അപേക്ഷകൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് നൽകാമോ? | (സി) നടപ്പ് അധ്യയനവർഷം (2015-2016) പുതുതായി എസ്.പി.സി. പദ്ധതി അനുവദിച്ച സ്കൂളുകളുടെ പട്ടിക അനുബന്ധം-I ഉള്ളടക്കം ചെയ്യുന്നു. |

Rajani.M

സെക്ഷൻ ഓഫീസർ